I/127001/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
(Present : AFSANA PERWEEN IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് – ജീവനക്കാര്യം - ക്ലാർക്ക്/ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: വനിത ശിശു വികസന ഡയറക്ടറുടെ 08/11/2023 ലെDWCD/2589/2022-E4 നം. ഉത്തരവ്.

**<u>ഉത്തരവ് നം. DWCD/2589/2022-E4 തീയതി: 18-11-2023</u>**

വനിത ശിശു വികസന വകുപ്പില് ക്ലാർക്ക്/ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചും, ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തികയിലെ ജീവനക്കാർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം അനുവദിച്ചും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

പ്രസ്തുത ഉത്തരവ് പ്രകാരം ഉദ്യോഗക്കയറ്റം അനുവദിച്ചു നൽകിയിരുന്ന ക്രമ നം. 2, 4, 10 എന്നിവയിൽ ഉൾപ്പെട്ട ജീവനക്കാരുടെ പേര്/തസ്തിക/കാര്യാലയം സംബന്ധിച്ച വിവരം രേഖപ്പെടുത്തിയതിൽ പിശക് സംഭവിച്ചിട്ടുള്ളതായും, ക്ലാർക്ക്/സീനിയർക്ലാർക്ക് തസ്തികയിലെ ജീവനക്കാർക്ക് സ്ഥലംമാറ്റം അനുവദിച്ചു നൽകിയിരുന്നതിൽ ക്രമ നം. 2, 3 എന്നിവയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് നിയമനം നൽകിയിരുന്ന കാര്യാലയങ്ങളിൽ ഒഴിവുകളില്ലായെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പരാമർശം (1) പ്രകാരം ഉദ്യോഗക്കയറ്റം അനുവദിച്ചു നൽകിയിരുന്നതിൽ ക്രമ നം. 2, 4, 10 എന്നിവയിലെ ജീവനക്കാരുടെ പേര് തസ്തിക /കാര്യാലയം എന്നിവയിലെ അപാകതകൾ പരിഹരിച്ച് യഥാക്രമം ശ്രീമതി. ഭാഗ്യ പി ബാലൻ, ക്ലാർക്ക്, ഐ.സിഡി.എസ്. പുഴയ്ക്കൽ അഡീഷണൽ, ശ്രീമതി. സുജ കെ. ക്ലാർക്ക്, ഐ.സിഡി.എസ് പഴയന്നൂർ, ശ്രീമതി. ഷീബ എം റ്റി, ക്ലാർക്ക്-ടൈപ്പിസ്റ്റ്, ഐ.സിഡി.എസ് ബാലുശ്ശേരി അഡീഷണൽ എന്നിങ്ങനെ ഭേദഗതി വരുത്തികൊണ്ടും, ക്ലാർക്ക്/സീനിയർക്ലാർക്ക് തസ്തികയിലെ ജീവനക്കാർക്ക് സ്ഥലംമാറ്റം അനുവദിച്ചു നൽകിയിരുന്നതിൽ ശ്രീ. റിജിത്ത് എം കെ, സീനിയര് ക്ലർക്കിന്റെ (ക്രമ നം. 2) സ്ഥലംമാറ്റം റദ്ദുചെയ്ത് ടിയാനെ ഐ.സി.ഡി.എസ് ചേളന്നൂരിൽ തുടരാൻ അനുവദിച്ചുകൊണ്ടും, ശ്രീ. ഷംസുദീൻ പി കെ, സീനിയർ ക്ലർക്കിനെ (ക്രമ നം. 3) കോഴിക്കോട് പ്രോഗ്രാം ഓഫീസിൽ മാറ്റി നിയമിച്ചുകൊണ്ടും ഭേദഗതി വരുത്തി ഉത്തരവാകുന്നു.

മേൽ ഭേദഗതിയോടു കൂടി പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

AFSANA PERWEEN IAS
**വനിത ശിശു വികസന ഡയറക്ടർ**

Signed by Afsana Perween Ias
Date: 18-11-2023 15:18:09

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്: 1) ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക്

I/127001/2023

2) ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്ക്

3) ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക്

4) സ്റ്റോക്ക് ഫയൽ